**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 435** **08-08-2023 - ൽ മറുപടിയ്ക്ക്**

**മയക്കമരുന്ന വിതരണക്കാരുടെ പിന്നിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മയക്കമരുന്നുകൾക്കെതിരായ ബോധവൽക്കരണവും ജാഗ്രതാ നടപടികളുമായി മുന്നോട്ടു പോകുമ്പോഴും ഗണ്യമായ ഒരു വിഭാഗം സജീവമായി ലഹരി ഇടപാടുകൾ നടത്തുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. മയക്കമരുന്നുകൾക്കെതിരായ ബോധവൽക്കരണത്തിന്റെയും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെയും ഫലമായി, സജ്ജീവമായിരുന്ന ലഹരി ഇടപാട് സംഘങ്ങളെ കർശനമായി നിയന്ത്രിക്കാനായിട്ടുണ്ട്. |
| (ബി) | പിടികൂടുന്ന മയക്കമരുന്ന് വിതരണക്കാരുടെ പിന്നിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | മയക്കമരുന്നുകളുടെ പ്രധാന ഉറവിടം കണ്ടെത്തുന്നതിനായി ആധുനിക വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച്, കേസിൽ പിടികൂടുന്നവരുടെ ഫോൺകോൾ വിവരങ്ങൾ, സാമ്പത്തിക ഇടപാടുകൾ, ബാങ്ക് രേഖകൾ, യാത്രാവിവരങ്ങൾ എന്നിവ ശേഖരിച്ച് തുടർ അന്വേഷണം നടത്തി മയക്കമരുന്ന് വിതരണക്കാരുടെ പിന്നിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിരന്തരം മയക്കമരുന്ന് കേസുകളിൽ പ്രതികളാകുന്നവരെ നിരീക്ഷിക്കുന്നതിനും വീണ്ടും കുറ്റകൃത്യം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിരന്തരം മയക്കമരുന്ന് കേസുകളിൽ പ്രതികളാകുന്നവരെ നിരീക്ഷിക്കുന്നതിനും അവർ വീണ്ടും കുറ്റകൃത്യം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനുമായി, മയക്കമരുന്നുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ചു വരുന്നു. ടി ആളുകൾ വീണ്ടും കുറ്റകൃത്യത്തിൽ ഏർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ PIT NDPS Act 1985 പ്രകാരം കുറ്റകൃത്യത്തിൽ ഏർപ്പെട്ട പ്രതികളെ വിചാരണ കൂടാതെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനും, ഒന്നിലധികം NDPS കേസുകളിൽ പത്ത് വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെടുന്ന സ്ഥിരം കുറ്റവാളികളുടെ സ്വത്തുകൾ കണ്ടുകെട്ടാനും, മയക്കമരുന്ന് കേസിൽ ശിക്ഷ ലഭിച്ചിട്ടുള്ള വ്യക്തികൾ പുറത്തിറങ്ങിയാൽ സെക്ഷൻ 34 പ്രകാരം ഇനി കുറ്റകൃത്യങ്ങൾ ചെയ്യില്ലെന്നുള്ള ബോണ്ട് വയ്പ്പിക്കുന്നതിനും, മയക്കമരുന്ന് കേസിൽ ശിക്ഷ |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുള്ള ഒരാൾക്കെതിരെ സമാന സ്വഭാവമുള്ള മറ്റൊരു കേസിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് NDPS Act സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ശിക്ഷിക്കപ്പെടുന്നവർക്ക് പരോൾ ഏർപ്പെടുത്തുന്നത് ആഭ്യന്തര വകുപ്പിലെ നിലവിലുള്ള ചട്ട പ്രകാരം ആയിരിക്കും. |

സെക്ഷൻ ഓഫീസർ